ശ്രീ എൻ. കണപതി : സർ, ഗുരുവായൂർ ടവണിൽ കവർമെൻട് ആസ്പത്രികൾ ഒന്നും ഇല്ലല്ലോ. കണ്ണൻദേവൻ കമ്പനിയിൽ മാത്രമാണ് ആസ്പത്രി ഉണ്ടു. അങ്ങു പുറത്തുള്ളവർക്കു ചികിത്സകൾ ഒന്നും ചെയ്യുന്നില്ല. അതുകൊണ്ടു നമ്മുടെ കവർമെൻട് അതിനു വേണ്ടിയ നടപടിക്കൈ മേൽ കൊള്ളുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ : മൂന്നാറിലെ ആശുപത്രി എസ്റ്റേറ്റാവശ്യത്തിനു വേണ്ടി അവർ ഉണ്ടാക്കിയതാണു്. അതുകൊണ്ടു് എസ്റ്റേറ്റിനുപുറത്തുള്ളവർക്കു് സഹായം ലഭിക്കാറില്ല. മൂന്നാറിലേക്കുവേണ്ടി പള്ളിവാസലിൽ ഒരു ആശുപത്രി സ്ഥാപിക്കാൻ നടപടികൈം എടുത്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. ബി. മാധവൻനായർ: പൊൻമുടി എസ്റ്റേറ്റു് ആശുപത്രിക്കു് ഈ അടുത്ത കാലംവരെ 500 രൂപ ഗവണ്മെൻറു് ഗ്രാൻറു് നൽകുകയും അതിൻെറ അടിസ്ഥാനത്തിൽ പരിസരത്തുള്ള ആളുകൾക്കു് സൗജന്യചികിത്സ നടത്തുകയും ചെയ്തുകൊണ്ടിരുന്നു. ഇപ്പോൾ ആ ഗ്രാൻറു് നിറുത്തിയതുകാരണം ചികിത്സാസൗജന്യം അവിടെ നിന്നും കിട്ടുന്നില്ലെന്നുള്ളതിനെ ആസ്പദമാക്കി ഈ കാര്യം ഗവണ്മെൻറു പരിശോധിച്ചു വേണ്ടതു ചെയ്യുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: പരിശോധിക്കാം.

റീസർവ്വെ ചെയ്യൽ

* 80. [206] ശ്രീ. എൻ. കെ. ശേഷൻ:

,, കുമാരിയാസു് തൊമായിസു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് റീസർവ്വെ നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളിൽ റീസർവ്വെ ആരംഭിച്ചിട്ടുണ്ടു്?

റവന്യുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) ഉണ്ടു്.

(ബി) കോട്ടയം, നെയ്യാറ്റിൻകര, കൊല്ലം, ചെങ്ങന്നൂർ, പെരുമ്പാവൂർ, പാലക്കാടു്, ആലത്തൂർ, ചിറ്റൂർ, തെക്കേവയനാടു് എന്നീ താലൂക്കുകളിൽ റീസർവ്വെ അനുവദിച്ചിട്ടുണ്ടു്.

കൺടോക്കർമാർ ഉന്നയിച്ച തുക്കങ്ങൾ

* 81. [207] ശ്രീ. വി. എസു്. അച്യുതാനന്ദൻ
,, എസു്. ദാമോദരൻ
,, ഇ. പി. കൃഷ്ണൻനമ്പ്യാർ
,, എ. എസു്. മുൻ. നമ്പീശൻ
,, ആർ. കൃഷ്ണൻ (പാലക്കാടു്)
,, എ. പി. കുര്യൻ
,, ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം ഇറിഗേഷൻ ഡിപ്പാർട്ടുമെൻറു് കൺടോക്കർമാർ ഉന്നയിച്ച എത്ര തുക്കങ്ങൾ ആർബിട്രേഷനു വിട്ടിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപ്രകാരം ഉണ്ടായിട്ടുള്ള ആർബിട്രേഷൻ അവാർഡുകളുടെ ഫലമായി എത്ര രൂപ കൂടുതലായി കൺടാക്ടർമാർക്ക് കൊടുത്തിട്ടുണ്ട്?

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിമേനോൻ): (എ. & ബി.) വിവരം ശേഖരിച്ചുവരുന്നു.

സ്റ്റേറിലെ ശുദ്ധജലവിതരണ പദ്ധതികൾ

* 82. [208] ശ്രീ. എ. എസ്. പുരുഷോത്തമൻ
,, പി. എസ്. ശ്രീനിവാസൻ
,, പി. ഉണ്ണികൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) അടുത്ത കാലത്തു കൂടിയ വാട്ടർ സപ്ലൈ ബോർഡ് പുതിയതായി ഒരു പദ്ധതിക്കു അംഗീകാരം നൽകിയില്ല എന്നറിയുന്നതു ശരിയാണോ;

(ബി) ഏതെല്ലാം പട്ടണങ്ങളിലാണ് വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പിലാക്കിയിട്ടുള്ളത്;

(സി) ഓരോന്നിനും ഇതിനകം ചെലവാക്കിയിട്ടുള്ള തുക എത്ര വീതം;

(ഡി) ഇതിലേതെങ്കിലും സ്കീം വേണ്ടത്ര പ്രവർത്തനക്ഷമമല്ലെന്നു പരാതി ഉണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതു സ്കീം;

(എഫ്) എന്തു പരിഹാരനടപടികൾ സ്വീകരിച്ചു;

(ജി) കരുനാഗപ്പള്ളിയുടെ തീരപ്രദേശത്തെ "ആലുംകടവ് ആലുംപീടിക" വാട്ടർ സപ്ലൈ സ്കീമിനു പ്രത്യേക അനുമതി നൽകി അടിയന്തിരമായി നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(എച്ച്) 1969-70 വർഷത്തിൽ ഇതേവരെ എത്ര ഗ്രാമീണ ശുദ്ധജല വിതരണപദ്ധതികൾ ആരംഭിച്ചിട്ടുണ്ട്;

(ഐ) കടമക്കുടി വില്ലേജിലെ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ):

(എ) ശരിയാണ്.

(ബി) തിരുവനന്തപുരം, കൊല്ലം, കോട്ടയം, കായംകുളം, ആലപ്പുഴ, ചേർത്തല, വണ്ടൂർ, പെരുമ്പാവൂർ, കൊച്ചിൻ കോർപ്പറേഷൻ, ആലുവ, തൃശ്ശൂർ പാലക്കാട്, കോഴിക്കോട്, വടകര.

(സി, ഡി, ഇ; എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) കേന്ദ്രഗവണ്മെൻറിന്റെ സാങ്കേതികാനുമതിയും സംസ്ഥാന വാട്ടർ സപ്ലൈ ബോർഡിന്റെ അംഗീകാരവും ഇല്ലാത്തതിനാലും ധനദൗർലഭ്യംമൂലവും ഈ പദ്ധതി അടിയന്തിരമായി നടപ്പാക്കാൻ കഴിയാതെ വന്നിരിക്കുകയാണ്.

(എച്ച്) പുതുതായി ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയൊന്നുംതന്നെ ആരംഭിച്ചിട്ടില്ല.

(ഐ) ഇല്ല.

ശ്രീ. എ. എസ്. പുരുഷോത്തമൻ: ഗ്രേറ്റർ കൊച്ചിൻ ശുദ്ധജലവിതരണ പദ്ധതിയിൽപ്പെട്ടതായ വൈക്കം-വൈപ്പിൻകര പദ്ധതി നടപ്പിലാക്കാൻ കാലതാമസമുണ്ടാകുന്നതിന്റെ കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly